മലപ്പുറം ജില്ല മുസ്ലിം ലീഗ് കമ്മറ്റി മുമ്പാകെ വേങ്ങര മണ്ഡലം കണ്ണമംഗലം പഞ്ചായത്ത് മുസ്ലിംലീഗ് കമ്മിറ്റിയും ഒന്നാം വാർഡ് (ചെങ്ങാനി) മുസ്ലിംലീഗ് കമ്മിറ്റിയും കൂടി നിയോഗിച്ച അന്വേഷണ കമ്മീഷൻ സമർപ്പിക്കുന്ന അന്വേഷണ റിപ്പോർട്ട്.

വിഷയം: കണ്ണമംഗലം ഒന്നാം വാർഡ് മെമ്പറായിരുന്ന സാജിത.കെ. രാജി വെക്കുകയും 15-ാം വാർഡ് മെമ്പർ നെടുമ്പള്ളി സൈതുവിനെതിരെ ആരോപണം ഉന്നയിക്കുകയും ചെയ്ത സാഹചര്യത്തിൽ പാർട്ടി അന്വേഷണത്തിനായി കമ്മീഷനെ നിയോഗിച്ചത് സംബന്ധിച്ച്:

ഞാൻ സമർപ്പിക്കുന്ന അന്വേഷണ റിപ്പോർട്ട് നൂറ് ശതമാനവും അള്ളാഹുവിനെ മുൻനി റുത്തി ഈ അന്വേഷണം കാരണമായി നാളെ റബ്ബിന്റെ കോടതിയിൽ എന്നെ വിചാരണ ചെയ്യുമെന്നുള്ള ഉത്തമബോധത്താലും കമ്മീഷന് ബോദ്ധ്യപ്പെട്ട സത്യസന്ധമായ വിവരങ്ങൾ റിപ്പോർട്ടാക്കി ഇവിടെ സമർപ്പിക്കുന്നു.

കമ്മീഷന് നേരിൽ ബോദ്ധ്യപ്പെട്ടതും മറ്റു പലരിൽനിന്നും അന്വേഷിച്ചറിഞ്ഞ വിശ്വാസ യോഗ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലും, രാജിവെച്ച ഒന്നാം വാർഡ് മെമ്പറെ നേരിട്ടു വിസ്തരിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലും ആരോപണവിധേയനായ 15-ാം വാർഡ് മെമ്പറെ നേരിട്ടും ഫോണിലും വിസ്തരിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലും അത്പോലെ പഞ്ചായത്ത് വനിതാലീഗിന്റെ രണ്ട് ഭാരവാഹികളുമായി രാജിവെച്ച മെമ്പറുടെ വീട്ടിൽവെച്ച് മെമ്പറുടെ ഭർത്താവിന്റെയും മറ്റൊരു വ്യക്തിയുടെയും സാന്നിധ്യത്തിൽ സംസാരിച്ച തിൽനിന്നും അതുപോലെ കണ്ണമംഗലം ഗ്രാമപഞ്ചായത്ത് ഭരണസമിതിയിലെ മറ്റു മെമ്പർമാ രുമായും നടത്തിയ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിലും, മറ്റു പ്രമുഖരുമായുള്ള കൂടി കാഴ്ചയുടെ അടിസ്ഥാനത്തിലും കണ്ടെത്തിയ വിവരങ്ങൾ താഴെ,

**1. കോഴിഫാം ഉദ്ഘാടനത്തിന് പോവുമ്പോൾ രാജിവെച്ച മെമ്പറുടെകൂടെ യാത്ര ചെയ്യി ക്കുന്നതിന് വേണ്ടി ആരോപണവിധേയൻ മനപൂർവ്വം സാഹചര്യമൊരുക്കിയതായി കമ്മീ ഷൻ കണ്ടെത്തിയിട്ടുണ്ട്.**

ഈ യാത്രയിൽ അവളെ കൂടെ കൂട്ടുന്നതിന് വേണ്ടി തലേദിവസം തന്നെ ആരോപണ വിധേയൻ ഫോണിൽ വിളിച്ച് പ്രലോഭിപ്പിക്കുകയും സമ്മതം വാങ്ങുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ വാഹനം വരുന്നതിന് അരമണിക്കൂർ മുമ്പ് തന്നെ ടിയാൻ സ്വന്തം കാറു മായി വരികയും അവളെ കയറ്റിപോവുകയും ചെയ്തു. ആ യാത്രയിൽ സഭ്യമല്ലാത്ത സംസാ രവും പ്രവർത്തികളും നടന്നതായി കമ്മീഷന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അത്പോലെ മറ്റു യാത്ര കളും ചെയ്തതായി ടിയാൻ കമ്മീഷനോട് സമ്മതിച്ചിട്ടുണ്ട്. ഈ വിവരം ടിയാൻ സമ്മതിച്ച തായി വാർഡ് മുസ്ലിം ലീഗ് കമ്മിറ്റിയും കമ്മീഷനെ അറിയിച്ചിട്ടുണ്ട്.

**2. ഈ പ്രശ്നം രൂക്ഷമാകാതിരിക്കാനും പാർട്ടിക്ക് തലവേദനയാകാതിരിക്കാനും വേണ്ടി യുള്ള ഒന്നാം വാർഡ് മുസ്ലിംലീഗ് കമ്മിറ്റിയുടെ ശ്രമങ്ങളെ ടിയാൻ അവഗണിച്ചതായി കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട്.**

രാജിവെച്ച മെമ്പറും ഭർത്താവും വാർഡ് കമ്മിറ്റിയോട് ആരോപണം ഉന്നയിച്ചപ്പോൾ മേൽ നടപടികൾ സ്വീകരിക്കുന്നതിന് മുമ്പ് പാർട്ടിതലത്തിൽ എങ്ങനെ നീങ്ങണമെന്നുള്ള നിർദ്ദേശം സ്വീകരിക്കുന്നതിനായി വാർഡ് കമ്മിറ്റിയും മെമ്പറുടെ ഭർത്താവും കൂടി യൂത്ത് ലീഗിന്റെ ഒരു ഉന്നത നേതാവിനെ പോയി കാണുകയും ഉപദേശം തേടുകയും ഉണ്ടായി.

അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ടിയാനെ ഉപദേശിക്കണമെന്നും താക്കീത് ചെയ്യാനും തീരുമാനിച്ചു. അതിന് വേണ്ടി വാർഡ് ലീഗ് സെക്രട്ടറിയെയും പ്രസിഡണ്ടിനെയും ചുമതലപ്പെടുത്തി. നീയായിട്ട് തുടങ്ങിവെച്ചത് നീയായിട്ട്തന്നെ അവസാനിപ്പിക്കണമെന്നും, ഞങ്ങൾ വന്ന് പറഞ്ഞിട്ടാണ് നീ അവളെ ഉപദേശിക്കുന്നതെന്ന് അവളോട് പറയരുതെന്നും [illegible] ഉദ്ദേശിച്ച് ഇതിൽ ഇടപെടണമെന്നും അവളുടെ ഭർത്താവ് നൗഫൽ ഗൾഫിൽനിന്നും വന്നിരിക്കുന്നത് അവളെ മെമ്പർ സ്ഥാനത്ത് രാജി വെപ്പിക്കാനാണെന്നും അതിനാൽ ഈ വിഷയം ഗൗരവമായെടുത്ത് പാർട്ടിക്ക് ഒരു തലവേദന ഉണ്ടാക്കാതെ ഈ പ്രശ്നം നീ അവസാനിപ്പിക്കണമെന്നും ടിയാനെ അവർ താക്കീത് ചെയ്തു. പക്ഷെ ടിയാൻ അവളെ ഉപദേശിച്ചെങ്കിലും വാർഡ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമാണ് ഞാൻ ഇപ്പോൾ നിന്നെ ഉപദേശിക്കുന്നതെന്ന് അവളോട് പറഞ്ഞു. അതോടെ ഉപദേശം ഗുണത്തിലേറെ ദോഷം ചെയ്തു. അത് മെമ്പറുടെ ഭർത്താവിന് അവളെ ഇനി പഞ്ചായത്തിലേക്ക് അയക്കാൻ കഴിയില്ല എന്നുള്ള കർശന നിലപാടുകൾ എടുക്കുന്നതിന് നിർബന്ധിതനാക്കി. പ്രശ്നം രൂക്ഷമാവുകയും അത് പാർട്ടിക്ക് തലവേദനയുണ്ടാക്കുകയും ചെയ്തു. ഈ വിവരങ്ങൾ വാർഡ് കമ്മിറ്റി തന്നെ നേരിട്ട് കമ്മീഷന് മുമ്പാകെ ബോധിപ്പിച്ചതാകുന്നു.

3. **ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഫോൺ കോളുകൾ ടിയാൻ ദുരുപയോഗം ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്.**

തുടക്കത്തിൽ രണ്ട് മെമ്പർമാർ എന്ന രൂപത്തിലുള്ള സാധാരണ രീതിയിലുള്ള ഫോൺവിളികളെ പിന്നീട് ദുരുപയോഗം ചെയ്യുകയായിരുന്നു. രാത്രി അസമയത്തും ദീർഘനേരവും സഭ്യമല്ലാത്ത സംസാരങ്ങളും ടിയാന്റെ ലക്ഷ്യത്തിലേക്ക് അവളെയെത്തിക്കുന്നതിനുള്ള പ്രലോഭനങ്ങളും ഈ വിളികളിലൂടെ നടന്നിട്ടുണ്ട്. ഇങ്ങനെ ഫോൺ വിളിച്ചതായിട്ടുള്ള വിവരങ്ങൾ ടിയാൻ വാർഡ് കമ്മറ്റിയോട് സമ്മതിച്ചതായി വാർഡ് കമ്മിറ്റി കമ്മീഷനോട് പറഞ്ഞിട്ടുണ്ട്. ടിയാൻ കമ്മീഷനോടും ഈ വിവരങ്ങൾ സമ്മതിച്ചിട്ടുണ്ട് .

4. **മെമ്പറെ വശീകരിക്കുന്നതിനായി ടിയാൻ സെക്സ് വീഡിയോകൾ അടങ്ങിയ മൊബൈൽഫോൺ മെമ്പർക്ക് കൊടുത്തതായി കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട്.**

5. **രാജിവെച്ച മെമ്പറുടെ വീട്ടിൽ വരെ വാഹനമെത്തും എന്നിരിക്കെ അടുത്ത പറമ്പിൽ വാഹനം ഒതുക്കി നിർത്തി ഇടവഴിയിലൂടെ നടന്ന് ഒന്നിൽ കൂടുതൽ തവണ മെമ്പറുടെ വീട്ടിൽ പോയതായി കമ്മീഷന് ബോധ്യപ്പെട്ടിട്ടുണ്ട് .**

6. **താൻ ഗർഭിണിയാണെന്ന സംശയം തോന്നിയ മെമ്പർ പതിനേഴാം വാർഡ് മെമ്പർ സോഫിയയെയും കൂട്ടി ഒരു സ്വകാര്യ ഹോസ്പിറ്റലിൽ പോയതായും അന്വേഷണകമ്മീഷന് ബോധ്യപ്പെട്ടിട്ടുണ്ട്.**

ഡോക്ടറെ കാണാൻപോയെങ്കിലും ഡോക്ടർ സാഹചര്യങ്ങൾ പഠിച്ച് ഗർഭം ഉണ്ടാകാൻ സാധ്യതയില്ലെന്നും ടെസ്റ്റ് ചെയ്യണമെന്നും നിർദ്ദേശിച്ചു. ആ ടെസ്റ്റിൽ ഗർഭം ഇല്ലെന്ന് ബോധ്യപ്പെടുകയും അവിടെനിന്നും മടങ്ങുകയുമാണുണ്ടായത് . പക്ഷെ നാട്ടിൽ ഈ വിഷയം ചെറുതായിട്ട് പ്രചരിക്കുകയും ടിയാൻ അറിയുകയും ചെയ്തു. ഞാൻ പെരുന്നാളിന് മുമ്പാണ് അവളുമായി ലൈംഗികമായി ബന്ധപ്പെട്ടത് ഞാനുമായുള്ള ബന്ധത്തിൽ അവൾ ഗർഭിണിയാകാൻ സാധ്യതയില്ലെന്നും ടിയാൻ പറഞ്ഞതായി ബ്ലോക്ക് മെമ്പർ ഷരീഫയുടെ സംസാരത്തിൽനിന്നും അന്വേഷണ കമ്മീഷൻ മനസ്സിലാക്കിയിട്ടുണ്ട്.

**7. അന്വേഷണ കമ്മീഷനുമായി ടിയാൻ സഹകരിക്കുന്നില്ലെന്ന് കമ്മീഷന് ബോധ്യപ്പെട്ടിട്ടുണ്ട്.**

രാജിവെച്ച മെമ്പറോടും ഭർത്താവിനോടും ആരോപണവിധേയനോടും സംഭവിച്ച കാര്യങ്ങൾ പത്ത് ദിവസത്തിനകം എഴുതി തയ്യാറാക്കി നൽകാൻ ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ രാജിവെച്ച മെമ്പറും ഭർത്താവും ഏഴുദിവസത്തിനുള്ളിൽ തന്നെ കമ്മീഷന് മുമ്പാകെ അറുപതോളം പേജുകളടങ്ങുന്ന വിശദവിവരങ്ങൾ സമർപ്പിച്ചിരുന്നു. എന്നിട്ടും ടിയാൻ വിശദവിവരങ്ങൾ എഴുതി സമർപ്പിച്ചിരുന്നില്ല. അഞ്ച് ദിവസം കൂടുതൽ കൊടുത്തിട്ടും ടിയാൻ സമർപ്പിക്കാത്തതിൽ ടിയാന്റെ അന്വേഷണവുമായുള്ള നിസഹകരണവും പാർട്ടിയോടുള്ള ധിക്കാരപരമായ നിലപാടും കമ്മീഷന് ബോധ്യപ്പെട്ടിരിക്കുന്നു.

**8. രാജിവെച്ച മെമ്പറെ ടിയാൻ പുറത്ത് കറങ്ങാൻ പോകുന്നതിന് പ്രലോഭിപ്പിക്കുകയും നിർബന്ധിക്കുകയും ചെയ്തതായി കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട്.**

തിയ്യേറ്ററുള്ള ഏതെങ്കിലും മാളിൽ കറങ്ങാൻ പോകാൻ ടിയാൻ നിർബന്ധിച്ചിരുന്നതായി സാജിതയുടെ മൊഴിയിൽ വ്യക്തമാകുന്നു. പിന്നീടുള്ള അന്വേഷണത്തിൽ അത് കമ്മീഷന് ബോധ്യപ്പെട്ടതുമാണ്.

**9. രാജിവെച്ച ഒന്നാം വാർഡ് മെമ്പർ പാർട്ടിയുടെ കീഴ്വഴക്കം ലംഘിച്ചാണ് രാജിവെച്ചത് എന്ന് കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട്.**

പാർട്ടിയിൽ നിന്നും പരിപൂർണ്ണ നീതി ലഭിക്കുന്ന സത്യം മനസ്സിലാക്കാതെ ധൃതിപിടിച്ച് ലീഗ് വിരുദ്ധരുടെ സഹായത്തോടെ രാജിവെക്കുകയാണുണ്ടായത്. അതിന് ഒരുപാട് ന്യായീകരണങ്ങൾ അവർ നടത്തുന്നുണ്ടെങ്കിലും രണ്ട് മാസത്തോളം കഷ്ടപ്പെട്ട് വിജയിപ്പിച്ച പ്രവർത്തകരുടെ മനസ്സിനെ വേദനിപ്പിച്ചു എന്നതും പരിഗണിച്ച് രാജിവെച്ച മെമ്പർ പാർട്ടിയുടെ കീഴ്വഴക്കം ലംഘിച്ചതായി കമ്മീഷൻ കണ്ടെത്തിയിരിക്കുന്നു.

ഈ വിഷയവുമായി ബന്ധപ്പെട്ട് കമ്മീഷൻ നടത്തിയ വിശദമായ അന്വേഷണത്തിൽ കണ്ടെത്തിയ തെളിവുകളുടെ അടിസ്ഥാനത്തിൽ ആരോപണവിധേയനായ പതിനഞ്ചാം വാർഡ് മെമ്പർ നെടുമ്പള്ളി സൈതു കുറ്റം ചെയ്തിട്ടുണ്ടെന്ന് വളരെ വ്യക്തമായി ബോധ്യപ്പെട്ടിരിക്കുന്നു.

സ്ഥലം: കണ്ണമംഗലം
തിയ്യതി: 22/02/2017

എന്ന്,
വിശ്വസ്തതയോടെ,
അന്വേഷണ കമ്മീഷൻ
സുബൈർ വല്ലക്കാടൻ
കണ്ണമംഗലം പഞ്ചായത്ത്
ഒന്നാം വാർഡ് (ചെങ്ങാനി)
കണ്ണമംഗലം വെസ്റ്റ്. പി.ഒ. 676305
ഫോൺ: 8593880443

2017-02-25 11:18